# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക്
മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടി

945 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്കും അനുബന്ധ ജോലിക്കാർക്കും അവർക്ക് അർഹതപ്പെട്ട മിനിമം വേതനം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ എല്ലാ സ്വകാര്യ ആശുപത്രികളിലെയും ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ട് എന്നു ഉറപ്പു വരുത്തിയിട്ടുണ്ടോ ;

(സി) മിനിമം വേതനം ലഭ്യമാക്കാത്ത ഏതെങ്കിലും സ്വകാര്യ ആശുപത്രിയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

2012-13 ബജറ്റിൽ തൊഴിൽ വകുപ്പിന് വകയിരുത്തിയതും ചെലവാക്കിയതുമായ തുക

946 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ തൊഴിൽ വകുപ്പിനു കീഴിൽ ഓരോ ഹെഡ്ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി/ പദ്ധതിയേതര തുകയും ഇതുവരെയുള്ള ചെലവു വിവര പട്ടികയും നൽകാമോ;

(ബി) 2012-13 വർഷം തൊഴിൽ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

947 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേര്‍ക്ക് തൊഴില്‍ നല്‍കിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവില്‍ എത്ര പേരെ നിയമനത്തിനായി ശുപാര്‍ശ ചെയ്തിട്ടുണ്ട്;

(സി) നിയമനം നല്‍കിയ ജീവനക്കാരില്‍ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ഡി) താത്ക്കാലിക നിയമനം നല്കിയവരുടേയും സ്ഥിരം നിയമനം നല്കിയവരുടേയും ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പേര്
രജിസ്ട്രേഷൻ

948 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇതിൽ പി.എസ്.സി. മുഖേന അപേക്ഷ നൽകാൻ കഴിയാത്ത പ്രായപരിധി കഴിഞ്ഞവർ എത്രയുണ്ടെന്നും വിശദമാക്കുമോ;

(സി) എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ടെന്നും, ഈയിനത്തിൽ ഒരു വർഷം ആകെ എത്ര തുക വിനിയോഗിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിക്കേണ്ടിടത്ത്/ഡെയിലിവേജ് നിയമനം

949 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തപ്പെടേണ്ട പല തസ്തികകളിലുമുള്ള നിയമനം 'ഡെയ്ലി വേജസ്' അടിസ്ഥാനത്തിൽ നടത്തിവരുന്നതും നിയമനം നടത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ ഫെറിമാൻ ഉൾപ്പെടെ പല തസ്തികകളിലും നിയമനം ചില ജില്ല കളിൽ നടത്താതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഉടൻ നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

950 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വിവിധ ജോലിക്കായി വരുന്ന തൊഴിലാളികളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇത്തരം ജോലിക്കായിവരുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി തിരിച്ചറിയൽ കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്

951 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായവരുടെ മക്കൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ധനസഹായം എണ്ണംതിരിച്ച് എത്രതുകയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി വഴി എത്ര തുക വിതരണം ചെയ്തുവെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകൾ</u>

952 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വിവിധ ക്ഷേമനിധി ബോർഡുകളിൽ താൽക്കാലികാടിസ്ഥാനത്തിലും, സ്ഥിരമായും എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) അങ്ങനെ നിയമിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾക്കായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>പെൻഷൻ കുടിശ്ശിക നൽകാൻ നടപടി</u>

953 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള പെൻഷൻ കുടിശ്ശിക എത്ര മാസത്തേതാണെന്ന് വ്യക്തമാക്കുമോ ;

(ബി) കുടിശ്ശിക തീർത്ത് പെൻഷൻ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി ക്ഷേമനിധി</u>

954 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ചുമട്ടുതൊഴിലാളി തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടത്തിൽപ്പെട്ടാൽ എന്തെല്ലാം ധനസഹായമാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഇനത്തിൽ എത്ര തുക നൽകിയെന്നും ഇനി എത്ര കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കർഷകതൊഴിലാളി ക്ഷേമനിധി</u>

955 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എത്ര തൊഴിലാളികളുണ്ടെന്നും എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) കർഷകതൊഴിലാളി ക്ഷേമനിധി ബോർഡിന് ഏതൊക്കെ ജില്ലകളിൽ ഓഫീസുകളുണ്ടെന്നും ഓരോ ഓഫീസിലും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ; ഇതിൽ ബോർഡിന്റെ സ്ഥിരം ജീവനക്കാർ എത്ര, ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് ജില്ലാ ഓഫീസിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലാ ഓഫീസിൽ ആവശ്യത്തിന് ജിവനക്കാരില്ലാത്തത് കാരണം തൊഴിലാളികളും ജീവനക്കാരും അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ക്ഷേമനിധി പെൻഷൻ ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ

956 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി പെൻഷനുകൾ അതാതുമാസം ബാങ്ക് അക്കൗണ്ടുകളിലൂടെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്ഷേമനിധി പെൻഷനുകൾ കാലാകാലങ്ങളിൽ സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണംപോലെ പരിഷ്ക്കരിക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>അസംഘടിത തൊഴിലാളികൾക്കായി ക്ഷേമനിധി</u>

957 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത തൊഴിലാളികൾക്കായി കേന്ദ്രസർക്കാർ നിശ്ചയിച്ച ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുള്ളതായി അറിയാമോ;

(ബി) ഏത് നിയമമനുസരിച്ചാണ് ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം ക്ഷേമപദ്ധതിയിലെ തൊഴിലാളികൾക്കാണ് ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മൂലം പ്രയോജനമുണ്ടാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>നിര്‍മ്മാണത്തൊഴിലാളികളുടെ ആനുകൂല്യം</u>

958 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിര്‍മ്മാണത്തൊഴിലാളികള്‍ക്ക് നിലവില്‍ എത്ര രൂപയാണ് പ്രതിമാസപെന്‍ഷന്‍ നല്‍കിവരുന്നത്; പ്രസ്തുതതുക വര്‍ദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കില്‍ എത്ര വര്‍ദ്ധിപ്പിക്കും; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിര്‍മ്മാണത്തൊഴിലാളികള്‍ക്ക് ബോര്‍ഡില്‍ നിന്നും നല്‍കിവരുന്ന സാമ്പത്തികാനുകൂല്യങ്ങള്‍ കാലികമായി പരിഷ്ക്കരിക്കുന്നതിനായി നിര്‍ദ്ദേശം നല്‍കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി ക്ഷേമനിധി പെൻഷൻ</u>

959 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭ്യമാക്കുന്നത് എത്രപേർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ എത്രമാസമായി കുടിശ്ശികയാണെന്നും, എന്ന് കുടിശ്ശിക തീർത്തുനൽകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>തോട്ടം മേഖലയിലെ തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി</u>

960 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) തോട്ടം തൊഴിലാളികളുടെ ശോചനീയമായ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിരുന്നത്; എത്ര രൂപ പ്രസ്തുത ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾക്ക് രജിസ്ട്രേഷൻ</u>

961 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള എത്ര തൊഴിലാളികൾ കേരളത്തിൽ നിർമ്മാണമേഖലയിലും മറ്റ് കൈത്തൊഴിലുകളിലുമേർപ്പെട്ട് കഴിയുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഏതു സംസ്ഥാനക്കാരാണ്, എന്തൊക്കെ തൊഴിൽ ചെയ്യുന്നു, എവിടെയൊക്കെ താമസിക്കുന്നു എന്നു മനസ്സിലാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ബംഗ്ലാദേശ് പോലുള്ള അന്യരാജ്യങ്ങളിൽ നിന്നുപോലും ആളുകൾ ഇത്തരത്തിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ എത്തിച്ചേരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊലപാതകം, മോഷണം, പിടിച്ചുപറി, സ്ത്രീകളെ ശല്യം ചെയ്യൽ തുടങ്ങിയ കേസുകളിൽ അന്യസംസ്ഥാന തൊഴിലാളികൾ പ്രതിയാകുന്നതുമൂലമുള്ള ക്രമസമാധാന, സാമൂഹ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവർക്ക് രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ</u>

962 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ യിൽ നിലവിൽ ഏതൊക്കെ ട്രേഡുകളിലാണ് പഠനം നടക്കുന്നത്; ഓരോ ട്രേഡുകളിലും എത്ര കുട്ടികൾക്ക് പഠനം നടത്തുവാൻ കഴിയുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ട്രേഡുകൾ പുതുതായി അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) വളരെ വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ നിലനിൽക്കുന്ന ഒരു സ്ഥാപനം എന്ന പരിഗണന നൽകി പുതിയ തസ്തികകൾ സൃഷ്ടിച്ച് കൂടുതൽ ട്രേഡുകൾ ആരംഭിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വെര്‍ച്വല്‍ ക്ലാസ്സ് റൂം പദ്ധതി</u>

963

ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വെര്‍ച്വല്‍ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത് ഏതെല്ലാം ഐ.ടി.ഐ.കളില്‍ എന്ന് വ്യക്തമാക്കുമോ; കോഴിക്കോട് ജില്ലയില്‍ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കാര്യങ്ങള്‍ എന്തെല്ലാം എന്ന് വിശദീകരിക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്ന ഓരോ ഐ.ടി.ഐ.യിലും എത്ര രൂപയാണ് പദ്ധതി / പ്രവൃത്തിക്കായി ചെലവഴിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ നടന്നിട്ടുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് & എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

964 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് & എംപ്ലോയ്മെന്റ് ഡിപ്പാർട്ട് മെന്റിന് കീഴിൽ കേരളത്തിൽ എത്ര സർക്കാർ ഐ.റ്റി.ഐ.കൾ ഉണ്ട്; എത്ര ഐ.റ്റി.ഐ.കളിൽ കോപാ (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിങ് അസിസ്റ്റന്റ്) കോഴ്സ് നടത്തുന്നുണ്ട്;

(ബി) കോപാ ട്രേഡ് പഠിപ്പിക്കുന്നതിന് കേരളത്തിലെ സർക്കാർ ഐ.റ്റി.ഐ.കളിൽ നിലവിൽ എത്ര ട്രേഡ് ഇൻസ്ട്രക്ടർമാരുടെ ഒഴിവ് ഉണ്ട്; അവയിൽ എത്ര എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പി.എസ്.സി. നടത്തുന്ന വിവിധ പരീക്ഷകളിൽ കമ്പ്യൂട്ടർ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ സർക്കാർ ഐ. റ്റി. ഐ.കളിലും കോപാ ട്രേഡ് അനുവദിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പ്ലേസ്മെന്റ് പോർട്ടൽ</u>

965 ശ്രീ. കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, വി.റ്റി. ബൽറാം
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ കളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) എല്ലാ ഐ.റ്റി.ഐ കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>തൊഴിൽ ക്ലബ്ബുകൾ</u>

966 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സ്വയംതൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾക്ക് നൽകിവരുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ശരണ്യ തൊഴിൽ പദ്ധതി</u>

967

ശ്രീ. സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശരണ്യ തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ആർക്കെല്ലാമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) എന്തെല്ലാം ധനസഹായങ്ങളും വായ്പകളുമാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്നത് ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

**കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം**

968 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് വഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>അപകടത്തിൽപ്പെടുന്ന തെങ്ങുകയറ്റതൊഴിലാളികൾക്കുള്ള ധനസഹായം</u>

969 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റതൊഴിലാളികൾ തൊഴിലിനിടയിൽ അപകടത്തിൽപ്പെടുകയോ മരണപ്പെടുകയോ ചെയ്താൽ സർക്കാരിൽനിന്ന് ലഭിക്കുന്ന അടിയന്തര സഹായങ്ങൾ എന്തെല്ലാം; പ്രസ്തുത സഹായങ്ങൾ കള്ള് ചെത്ത് തൊഴിലാളികൾക്ക് ലഭ്യമാവുമോയെന്നത് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികളും മാർഗ്ഗരേഖയും വിശദമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര തൊഴിലാളികൾ തൊഴിലിനിടെ മരണപ്പെട്ടിട്ടുണ്ട്, അപകടത്തിൽപ്പെട്ടിട്ടുണ്ട് എന്നും ആരെല്ലാം എന്നും പേര്, വിലാസം സഹിതം വ്യക്തമാക്കാമോ ;

(ഡി) ഇവരിൽ ആർക്കെല്ലാം ആനുകൂല്യം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ; വിതരണം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; അനുകൂല്യം എന്ന് വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ഇ.എസ്.ഐ. കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികളും ഡിസ്പെൻസറികളും

970 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇ. എസ്. ഐ. കോർപ്പറേഷൻ കീഴിൽ എത്ര ഡിസ്പെൻസറികളും, ആശുപത്രികളുമാണ് പ്രവർത്തിച്ചു വരുന്നത്; അവ ഏതൊക്കെ; ഇതിന്റെ മാനദണ്ഡമെന്താണ്;

(ബി) പത്തനംതിട്ട ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ്/വില്ലേജുകളാണ് ഇ.എസ്.ഐ. പരിധിയിലുൾപ്പെടുന്നത് എന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(സി) തിരുവല്ല, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി എന്നീ താലൂക്കുകൾ ഇ.എസ്.ഐ കോർപ്പറേഷന്റെ പരിധിയിൽ വരാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നിരവധി ക്രഷർ യൂണിറ്റുകളും, മറ്റ് ചെറുകിട വ്യവസായ സ്ഥാപനങ്ങളും, വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും ഉള്ള പത്തനംതിട്ട ജില്ലയിൽ നാല്പതിനായിരത്തിനടുത്ത് തൊഴിലാളികളുണ്ടായിട്ടും ഇവിടെ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ നൽകാത്തത് തൊഴിലാളികളോടുള്ള അവഗണനയല്ലേ;

(ഇ) സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ സംയുക്ത സംരംഭമായ ഇ.എസ്.ഐ. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ പത്തനംതിട്ട ജില്ലയിലെ തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനും ഇപ്പോൾ പ്രസ്തുത പരിധിയിലുൾപ്പെടാത്ത മറ്റു പ്രദേശങ്ങളെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

ആലപ്പുഴ ഇ. എസ്. ഐ. ആശുപത്രി

971 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ചുമതലയിലുള്ള ആലപ്പുഴ ഇ. എസ്. ഐ. ആശുപത്രി കേന്ദ്ര ഇ. എസ്. ഐ. കോർപ്പറേഷന് കൈമാറിയാൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുമെന്ന കേന്ദ്ര സഹകരണ മന്ത്രിയുടെതായി മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം</u>

972 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ബി) എല്ലാ ആശുപത്രികളിലും ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നടപ്പ് വർഷത്തേക്ക് ആവശ്യമുള്ള മരുന്നുകൾ എല്ലാ മെഡിക്കൽ സ്റ്റോറുകളിലും എത്തിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എല്ലാ ഫാക്ടറികളിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

973 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കായി 2012-13-ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ഇതിൽ, എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുതതുക യഥാസമയം അനുവദിക്കാത്തതുകൊണ്ട് 35 ലക്ഷം കുടുംബങ്ങളുടെ ഇൻഷ്വറൻസ് പദ്ധതി അവതാളത്തിലാകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ;

(ഡി) എങ്കിൽ, അതിനെതിരെ എന്തു നടപടിയെടുത്തുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പദ്ധതിയുടെ പ്രയോജനങ്ങൾ

974 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിനായി കേന്ദ്രസർക്കാർ തുടങ്ങിയ രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (RSBY) എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രാരോഗ്യ പദ്ധതിയായി മാറ്റിയ മുൻ സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ:

(ബി) നാലുവർഷമായി പൊതുമേഖലാ സ്ഥാപനമായ യൂണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് നടത്തി വന്ന പദ്ധതി കുത്തക കമ്പനിയായ റിലയൻസിന് നൽകാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ ഓരോ വർഷവും പ്രീമിയമായി കമ്പനിക്ക് ലഭിച്ച തുകയും ക്ലെയിമിനായി കമ്പനി ചെലവഴിച്ച തുകയും എത്ര വീതമാണ്; കമ്പനിക്ക് ലാഭമോ നഷ്ടമോ ; എങ്കിൽ എത്ര ;

(ഡി) ക്ലെയിം വ്യക്തമായി നൽകാത്തതിനാൽ രാജസ്ഥാൻ സർക്കാർ റിലയൻസ് ഉൾപ്പെടെയുള്ള നാലുസ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആരോഗ്യ സുരക്ഷ കൂടുതലുള്ള 35 ലക്ഷം ഗുണഭോക്താക്കളുമുള്ള കേരളത്തിൽ ക്ലെയിം അവകാശികൾ കൂടുതൽ വരുമ്പോൾ സ്വകാര്യ സ്ഥാപനങ്ങൾ ഉപേക്ഷിച്ചു പോകാനിടയുള്ളത് മനസ്സിലാക്കിയിട്ടുണ്ടോ;

(എഫ്) കേരളത്തിന്റെ സമഗ്ര ആരോഗ്യപദ്ധതിയുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്ന നടപടികളിൽ നിന്ന് പിൻമാറാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>മരംകയറ്റ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>

975 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, ഹൈബി ഈഡൻ
,, വി.പി.സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരംകയറ്റ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ആണ് പദ്ധതിവഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ പദ്ധതി</u>

976 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ, എത്ര കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്;

(ബി) പദ്ധതിയ്ക്കായി കഴിഞ്ഞ ബഡ്ജറ്റിൽ, എത്ര തുക വകയിരുത്തി; എത്ര തുക നൽകി;

(സി) സർക്കാർ കുടിശ്ശിക വരുത്തിയത് ഇൻഷ്വറൻസ് ഏജൻസിയേയും അവർ ധാരണാ പത്രം ഒപ്പുവച്ച ആശുപത്രികളെയും പ്രതിസന്ധിയിലാക്കിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രീമിയം അടയ്ക്കാത്തതുമൂലം എത്ര ആശുപത്രികളുടെ ക്ലെയിമിന് പണം യഥാസമയം നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്; ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?